# കേരള ഗസറ്റഡ് ഓഫീസേഴ്സ് അസോസിയേഷൻ
# 27.11.2016 ന് എറണാകുളത്ത് മാഹാരാജാസ് കോളേജ് ഓഡിറ്റോറിയത്തിൽ
# ചേർന്ന സംസ്ഥാന കൗൺസിൽ യോഗത്തിന്റെ മിനുട്സ്

സംസ്ഥാന പ്രസിഡന്റ് ഡോ. കെ.എം. ദിലീപിന്റെ അദ്ധ്യക്ഷതയിൽ 2016 നവംബർ 27 ന് രാവിലെ 10.15 ന് കൗൺസിൽ യോഗം ആരംഭിച്ചു. ഫിദൽ കാസ്ട്രോയുടെ സ്മരണയ്ക്ക് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ടുള്ള പ്രമേയവും അനുശോചന പ്രമേയവും വൈസ് പ്രസിഡന്റ് ഡോ.കെ.ടി. ശ്രീലതകുമാരി അവതരിപ്പിച്ചു. കൗൺസിലിന്റെ സുഗമമായ നടത്തിപ്പിനായി താഴെ പറയുന്ന കമ്മിറ്റികളുടെ നിർദ്ദേശം കൗൺസിൽ അംഗീകരിച്ചു.

പ്രസീഡിയം : ഡോ.കെ.എം. ദിലീപ്, ഡോ.കെ.ടി. ശ്രീലതകുമാരി, കെ.കെ. വിജയൻ

സ്റ്റിയറിംഗ് കമ്മിറ്റി : ടി.എസ്.രഘുലാൽ, പ്രൊഫ. എ. സുഹൃത്കുമാർ, ഡോ.എസ്.ആർ.മോഹനചന്ദ്രൻ, ഡോ.എം.എ.നാസർ, ഡോ.സി.സുന്ദരേശൻ

മിനുട്സ് കമ്മിറ്റി : ഡോ.കെ.കെ. ഷാജി, എം.കെ. രാജൻ

ജനറൽ സെക്രട്ടറി സാർവ്വദേശീയ ദേശീയ സ്ഥിതിഗതികളും സംഘടനാ പ്രവർത്തനവും ഉൾക്കൊള്ളുന്ന റിപ്പോർട്ട് അവതരിപ്പിച്ചു. അമേരിക്കൻ പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ ഡൊണാൾഡ് ട്രംപിന്റെ വിജയം സങ്കുചിത വാദം ഉയർത്തിയാണ്. ബ്രിട്ടന്റെ പിൻമാറ്റം യൂറോപ്യൻ യൂണിയനെ ദുർബലപ്പെടുത്തുന്നതാണ്. ലാറ്റിനമേരിക്കൻ രാജ്യങ്ങളിലെ സോഷ്യലിസ്റ്റ് ഭരണകൂടങ്ങൾ നേരിടുന്ന വെല്ലുവിളികൾ തൊഴിലാളി വർഗ്ഗം ആശങ്കയോടെയാണ് കാണുന്നത്.

ദേശീയ സാഹചര്യത്തിൽ കോർപ്പറേറ്റ്വത്കരണവും വർഗ്ഗീയതയും ഫാസിസ്റ്റ് പ്രവണതയും ശക്തിപ്പെടുകയും തൊഴിലാളി പ്രതിഷേധങ്ങൾ ജാതി മത വർഗ്ഗീയ ശക്തികൾ ദുർബലപ്പെടുത്താൻ ശ്രമിക്കുകയും ചെയ്യുന്നു. കേന്ദ്രസർക്കാർ 500 1000 രൂപ നോട്ടുകൾ പിൻവലിച്ചത് സാമ്പത്തിക അടിയന്തിരാവസ്ഥയിലേക്ക് രാജ്യത്തെ നയിച്ചിരിക്കുകയാണ്. പൊടുന്നനെ രാഷ്ട്രീയ അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചാൽ അത്ഭുതപ്പെടേണ്ടതില്ല.

ഇതിൽ നിന്ന് വ്യത്യസ്ഥമായി ജനപക്ഷ ബദൽ നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ നടപടികൾ സംസ്ഥാനത്തെ തൊഴിലെടുക്കുന്നവർക്കും ജീവനക്കാർക്കും പ്രതീക്ഷ നൽകുന്നു. തെരഞ്ഞെടുപ്പിൽ നൽകിയ വാഗ്ദാനം പാലിച്ചുകൊണ്ട് എല്ലാവർക്കും വീടും തൊഴിലും നൽകുന്നതിനുള്ള ലൈഫ്, കൃഷി വികസനത്തിനുള്ള ഹരിത കേരളം, പൊതുജനാരോഗ്യ രംഗത്തെ ഇടപെടലായ ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണം എന്നിവ ഉൾപ്പെടുന്ന നവകേരള മിഷൻ സംസ്ഥാനത്തെ വികസന രംഗത്ത് നിർണ്ണായകമായ ചുവടുവയ്പ്പാണ്. ഇതോടൊപ്പം സിവിൽ സർവ്വീസ് അഴിമതി രഹിതവും കാര്യക്ഷമവുമാക്കുന്നതിനും സ്ഥലംമാറ്റങ്ങൾക്ക് കൃത്യമായ മാനദണ്ഡങ്ങൾ കൊണ്ടുവരുന്നതിനുമുള്ള നടപടികളും സർക്കാർ ആരംഭിച്ചിട്ടുണ്ട്. ജാതി-മത-വർഗ്ഗീയ ശക്തികളെ പ്രോത്സാഹിപ്പിക്കുകയും നവലിബറൽ നയങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യുന്ന കേന്ദ്രസർക്കാരിന്റെ തെറ്റായ നയങ്ങളെ ചെറുക്കുന്നതോടൊപ്പം സംസ്ഥാന സർക്കാരിന്റെ ജനപക്ഷ നടപടികൾ ഫലപ്രദമായി നടപ്പാക്കുന്നതിന് എല്ലാപിൻതുണയും നൽകുന്നതിന് സംഘടന പ്രതിജ്ഞാബദ്ധമാണെന്നും അതിനുകതുന്ന വിധം സംഘടനയെ ചിട്ടപ്പെടുത്തേണ്ടതുണ്ടെന്നും ജനറൽ സെക്രട്ടറി പറഞ്ഞു.

ഇടക്കാല പ്രവർത്തന റിപ്പോർട്ട് സംസ്ഥാന സെക്രട്ടറി പ്രൊഫ. എ.സുഹൃത്കുമാർ വായിച്ച് അവതരിപ്പിച്ചു. ജില്ലാടിസ്ഥാനത്തിലുള്ള ഗ്രൂപ്പ് ചർച്ചയ്ക്കുശേഷം നടന്ന പൊതുചർച്ചയിൽ പി.എം. നന്ദകുമാർ (കാസർഗോഡ്), എം.കെ. അശോകൻ (കണ്ണൂർ), ഡോ.താജുദ്ദീൻ അഹമ്മദ് (വയനാട്), എസ്. സുലൈമാൻ (കോഴിക്കോട്), കെ.ആർ. രാജേഷ് (മലപ്പുറം), ഡോ. രഞ്ജിനി പി. ആനന്ദ് (പാലക്കാട്), എസ്.ശേഖർ (തൃശൂർ), പി.ജി. നാരായണൻ (എറണാകുളം), സി.എസ്. നാസറുദ്ദീൻ (ഇടുക്കി), ഡോ. സി. സതീഷ് (കോട്ടയം), ജെ. പ്രശാന്ത് ബാബു (ആലപ്പുഴ), സി. കെ. നിക്സൺ (കൊല്ലം), രൺധീർ ആർ പ്രസാദ് ( തിരു. നോർത്ത്), എ.പി. അജിത് (തിരു. സൗത്ത്) എന്നിവർ പങ്കെടുത്തു. ചർച്ചകൾക്ക് ജനറൽ സെക്രട്ടറി വിശദീകരണം നൽകി. റിപ്പോർട്ട് കൗൺസിൽ ഏകകണ്ഠമായി അംഗീകരിച്ചു.

ഉച്ചയ്ക്ക്ശേഷം സംസ്ഥാന സെക്രട്ടറി ഡോ.എം.എ. നാസർ അവതരിപ്പിച്ച കേന്ദ്രസർക്കാരിന്റെ ജനവിരുദ്ധ വർഗ്ഗീയ പ്രീണന നയങ്ങൾക്കെതിരെ പോരാട്ടം ശക്തിപ്പെടുത്തുക എന്ന പ്രമേയവും സംസ്ഥാന വൈസ് പ്രസിഡന്റ് കെ.കെ. വിജയനും അവതരിപ്പിച്ച നോട്ട് അസാധുവാക്കൽ നടപടി പ്രതിസന്ധി അടിയന്തിരമായി പരിഹരിക്കുക, സഹകരണ മേഖലയെ തകർക്കാനുള്ള നീക്കം ഉപേക്ഷിക്കുക എന്ന പ്രമേയവും കൗൺസിൽ അംഗീകരിച്ചു. അഴിമതി രഹിതവും കാര്യക്ഷമവുമായ സിവിൽ സർവ്വീസ് കെട്ടിപ്പടുക്കുക, ജനപക്ഷ ബദൽ യാഥാർത്ഥ്യമാക്കുക എന്ന പ്രമേയം സംസ്ഥാന സെക്രട്ടറി ഡോ.എസ്.

ആർ. മോഹനചന്ദ്രൻ അവതരിപ്പിച്ചു. പ്രമേയത്തിന്മേൽ നടന്ന ചർച്ചയിൽ ടി.വി. വിനോദ്കുമാർ (കാസർഗോഡ്), കെ.എം.ബാലചന്ദ്രൻ (കണ്ണൂർ), എൻ.എസ്. രജിതാംബിക (വയനാട്), പി.കെ. മുരളീധരൻ (കോഴിക്കോട്), ഡോ.ഷിബുലാൽ (മലപ്പുറം), പി. വിജയകുമാർ (പാലക്കാട്), ഡോ.കെ.എ. ഷഹ്ന (തൃശൂർ), പി.എൻ. സജി (എറണാകുളം), ഡോ.സി.കെ. ഷൈലജ (ഇടുക്കി), വി.കെ. ജയശ്രീ (കോട്ടയം), എം.എസ്. വിനോദ് (ആലപ്പുഴ), പി. സനൽകുമാർ (പത്തനംതിട്ട), ആർ. സുബ്രഹ്മണ്യപിള്ള (കൊല്ലം), എ. ആൻസാർ (തിരു. നോർത്ത്), കെ. മനോഹരൻ (തിരു. സൗത്ത്) എന്നിവർ പങ്കെടുത്തു. ജനറൽ സെക്രട്ടറി നൽകിയ വിശദീകരണത്തിന് ശേഷം പ്രമേയം കൗൺസിൽ ഏകകണ്ഠമായി അംഗീകരിച്ചു.

ഭാവി പ്രവർത്തന പരിപാടികൾ സംസ്ഥാന ട്രഷറർ ഡോ.സി.സുന്ദരേശൻ അവതരിപ്പിച്ചു. ഡോ. എൻ.എം. മുഹമ്മദ്അലി എൻഡോവ്മെന്റ് അവാർഡ് 2017 ട്രേഡ് യൂണിയൻ രംഗത്തെ സമഗ്ര സംഭാവന പരിഗണിച്ച് സമ്മാനിക്കുന്നതിന് തീരുമാനിച്ചു. സംഘടനയുടെ 51-ാം സംസ്ഥാന സമ്മേളനം പത്തനംതിട്ട ജില്ലയിൽ വച്ച് നടക്കുന്നതിനും കൗൺസിൽ തീരുമാനിച്ചു.

റിപ്പോർട്ട് കാലയളവിൽ സർവ്വീസിൽ നിന്ന് വിരമിച്ച സംസ്ഥാന കമ്മിറ്റി അംഗങ്ങളായ ടി.പ്രേംലാൽ, പി.എം. രാമൻ, ഡോ.കെ.എൻ. ലക്ഷ്മിപ്രഭ എന്നിവരെ സംബന്ധിച്ച റഫറൻസ് ജനറൽ സെക്രട്ടറി നിർവ്വഹിച്ചു. സംസ്ഥാന പ്രസിഡന്റ് കെ.എം.ദിലീപിന്റെ സമാപന പ്രസംഗത്തോടെ വൈകുന്നേരം 4.15 ന് കൗൺസിൽ നടപടികൾ അവസാനിച്ചു.

സംസ്ഥാന കൗൺസിലിൽ പങ്കെടുക്കേണ്ടിയിരുന്ന 71 വനിതകളിൽ 56 പേരും (79%), 345 പുരുഷൻമാരിൽ 307 പേരും (%), ഉൾപ്പെടെ ആകെ 416 കൗൺസിലർമാരിൽ 362 പേർ (%) പങ്കെടുത്തു. ഇടുക്കി, വയനാട് ജില്ലകളിൽ നിന്ന് മുഴുവൻ കൗൺസിലർമാരും പങ്കെടുത്തിട്ടുണ്ട്.

**ജനറൽ സെക്രട്ടറി**